അടച്ചു പൂട്ടിയ വ്യവസായ സ്ഥാപനങ്ങൾ

102 [4854] ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുതും വലുതുമായ വ്യവസായ സ്ഥാപനങ്ങൾ അടച്ചു പൂട്ടിയതുമൂലം തൊഴിൽ നഷ്ടമായ തൊഴിലാളി കുടുംബങ്ങളെ സഹായിക്കാൻ സർക്കാർ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കാമോ;

(ബി) തൊഴിൽ നഷ്ടമായതിനെ തുടർന്ന് എത്ര തൊഴിലാളികൾ ആത്മഹത്യ ചെയ്തു; അവരുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(സി) ആത്മഹത്യ ചെയ്ത തൊഴിലാളികളുടെ കുടുംബത്തിനു സർക്കാർ എന്തെങ്കിലും സാമ്പത്തിക സഹായം നൽകിയോ?

ഉത്തരം

(എ) പ്രവർത്തനം നിലച്ച പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിൽ നഷ്ടപ്പെട്ട ജീവനക്കാരെ ഒരു സാമൂഹ്യ സുരക്ഷിതത്വ പദ്ധതിയിൽ (എസ്.എസ്.എൻ.പി.) കീഴിൽ കൊണ്ടുവന്നു സഹായിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(ബി, സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ

103 [4858] ശ്രീ. കെ. പി. രാജേന്ദ്രൻ:
" ബിനോയ് വിശ്വം:
" പി. എസ്. സുപാൽ:
" എൻ. രാജൻ:
" എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ 2001-2002, 2002-2003 വർഷങ്ങളിൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച സഹായങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) 2003-2004 വർഷത്തെ ബഡ്ജറ്റിൽ സംസ്ഥാനത്തുള്ള കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾക്ക് നീക്കിവച്ചിട്ടുള്ള സംഖ്യ എത്രയാണെന്നും ഓരോ സ്ഥാപനങ്ങൾക്കുമായി ഉൾക്കൊള്ളിച്ചിട്ടുള്ള സംഖ്യ എത്രയാണെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തുള്ള കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികൾ വിറ്റഴിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളുടേതാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഓഹരികൾ വിറ്റഴിക്കുന്നതുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ കേന്ദ്ര സർക്കാർ എടുക്കുന്നതിനുമുമ്പായി സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എഫ്.എ.സി.റ്റി.-യുടെ ഓഹരികൾ വിറ്റഴിക്കാനുള്ള തീരുമാനത്തിനെതിരെ കേന്ദ്ര സർക്കാരിനെ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം അറിയിച്ചിട്ടുണ്ടോ;

(എഫ്) ഇതു സംബന്ധിച്ച് സർക്കാർ എടുത്തിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ജി) സംസ്ഥാനത്തുള്ള കേന്ദ്ര പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ വി.ആർ.എസ്. ഉൾപ്പെടെയുള്ള പദ്ധതികൾ പ്രകാരം എത്ര തൊഴിലാളികൾ പിരിഞ്ഞു പോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എച്ച്) സംസ്ഥാനത്തുള്ള പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനും തൊഴിൽ സുരക്ഷിതത്വത്തിനുമായി സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഐ.റ്റി.ഡി.സി.-യുടെ യൂണിറ്റായ കോവളം അശോകാ ഹോട്ടലിന്റെ ഓഹരികൾ വിറ്റഴിച്ചിട്ടുണ്ട്. കൂടാതെ എഫ്.എ.സി.റ്റി.-യുടെ 51% ഓഹരികൾ വിൽക്കാനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ളതായി ഫാക്ട് ചെയർമാനെ കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ഉണ്ട്.

(എഫ്) എഫ്.എ.സി.റ്റി.-യുടെ ഓഹരി വിറ്റഴിക്കുന്ന തീരുമാനത്തിൽ സർക്കാരിന്റെയും ജനങ്ങളുടേയും ആശങ്ക അറിയിച്ചുകൊണ്ടും തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും മുഖ്യമന്ത്രി കേന്ദ്രമന്ത്രി ശ്രീ. അരുൺ ഷൂറിക്കും പ്രധാനമന്ത്രിക്കും കത്തുകൾ അയച്ചിരുന്നു. തൊഴിലാളികളുടെയും സംസ്ഥാന സർക്കാരിന്റെയും താൽപ്പര്യങ്ങളും നിർദ്ദേശങ്ങളും കൂടി കണക്കിലെടുത്തു മാത്രമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം സ്വീകരിക്കുകയുള്ളൂവെന്ന് ശ്രീ. അരുൺ ഷൂറി അറിയിച്ചിരുന്നു.

(ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(എച്ച്) നടപടികൾ സ്വീകരിച്ചു വരികയാണ്.

പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

104 [4859] ശ്രീ. ജോസഫ് എം. പുതുശ്ശേരി:
" തോമസ് ഉണ്ണിയാടൻ:
" സ്റ്റീഫൻ ജോർജ്ജ്:
" മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ എല്ലാം കൂടി എത്ര ജീവനക്കാർ ഉണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly